# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം-27/2030/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/11/2023
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-27/2030/2023 തീയ്യതി: 02/11/2023

## മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2022 മുതൽ 21-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2023 | 02-09-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2023 | 02-09-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീ.അബ്ദുൽ ഗഫൂർ സി,ഓഡിറ്റ് ഓഫീസർ

2.ശ്രീ.ഷാജഹാൻ ഖുറൈശി,അസി.ഓഡിറ്റ് ഓഫീസർ

3.ശ്രീ.മുഹമ്മദ് സിയാദ് പി പി,അസി.ഓഡിറ്റ് ഓഫീസർ

4.ശ്രീമതി.ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

5.ശ്രീമതി.വിനീത പി.പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സഈദ ടീച്ചർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അഭിലാഷ് ജി ടി | സെക്രട്ടറി | 01-04-2022 | 01-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ജ്യോതി എസ് വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 02-10-2022 |
| ശ്രീ. അജയകുമാർ സി കെ | സെക്രട്ടറി | 03-10-2022 | 16-11-2022 |
| ശ്രീ. നജീബ് | സെക്രട്ടറി | 17-11-2022 | 02-12-2022 |
| ശ്രീ. അജയകുമാർ സി കെ | സെക്രട്ടറി | 03-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജ്യോതി എസ് വി | അസി.സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ. അജിത്ത് മോഹൻ | അസി.സെക്രട്ടറി | 20-10-2022 | 22-10-2022 |
| ശ്രീ. മുഹമ്മദ് പി കെ | അസി.സെക്രട്ടറി | 23-10-2022 | 06-12-2022 |
| ശ്രീ. ഷോമി ജോസ് | അസി.സെക്രട്ടറി | 07-12-2022 | 31-03-2023 |
| ശ്രീ. അജീഷ് കെ നാരയണൻ | അസി.എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീ. ജമീസ് | അസി.എഞ്ചിനീയർ | 13-09-2022 | 19-09-2022 |
| ശ്രീമതി. മൃദു | അസി.എഞ്ചിനീയർ | 20-09-2022 | 17-10-2022 |
| ശ്രീ. അഭിജിത്ത് | അസി.എഞ്ചിനീയർ | 18-10-2022 | 31-03-2023 |
| ശ്രീമതി. ഫരീദ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. രജീസ് പി സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. കാസിം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ. രാജ്കുമാർ | വി ഇ ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു | വി ഇ ഒ | 01-04-2022 | 16-07-2022 |
| ശ്രീമതി. അമ്പിളി | വി ഇ ഒ | 17-07-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ ജി എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സവിത | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ബൈജു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ജുമീലത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ബർദീഷ | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | MGNREGS – ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | വിവിധയിനം ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങൾ, എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വാർഷിക കണക്കിലെ B4, B17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | അക്കൗണ്ട് ബാലൻസ് നെഗറ്റീവ് ആയി കാണുന്നു | 1-1-9 |
| 11 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പെൻഷൻ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-11 |
| 22 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-12 |
| 23 | തൊഴിൽ നികുതി- അടവാക്കിയില്ല. | 1-13 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത്- അപാകതകൾ | 1-14 |
| 25 | എസ് എസ് കെ വിഹിതം നൽകൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല | 1-15 |
| 26 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-16 |
| 27 | ബയോബിൻ വിതരണ വിവരം ലഭ്യമല്ല | 1-17 |
| 28 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-18 |
| 29 | സാക്ഷരത- അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല. | 1-19 |
| 30 | മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-20 |
| 31 | FHC യിലേക്ക് പ്രിന്റർ വാങ്ങൽ-അപാകത | 1-21 |
| 32 | ഹരിതകർമ്മസേന – പ്രവർത്തനാവലോകനം | 1-22 |
| 33 | വന്യമൃഗ ശല്യം പരിഹരിക്കാൻ സോളാർ വേലി:സബ്സിഡി അധികമായി നല്കി | 1-23 |
| 34 | ഡ്രൈനേജ് നിർമമാണം-അധികം നൽകിയ 28997 രൂപ തിരിച്ചടച്ചു. | 1-24 |
| 35 | പ്രവൃത്തി വൈകി പൂർത്തീകരിച്ചത്-പിഴ ഈടാക്കിയില്ല | 1-25 |
| 36 | മരുന്ന് മുഴുവൻ ലഭ്യമായില്ല | 1-26 |
| 37 | വക്കീൽ ഫീസ് ഇനത്തിൽ തുക നൽകിയത് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-27 |
| 38 | വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-28 |
| 39 | ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-29 |
| 40 | ഫെസ്റ്റിവൽ അഡ്വാൻസ് -തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-30 |

| | | |
|---|---|---|
| 41 | ശുചീകരണ പ്രവൃത്തി- തുക ഈടാക്കിയിട്ടില്ല. | 1-31 |
| 42 | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക അടവാക്കി - തുടർനടപടി വിവരം ലഭ്യമല്ല | 1-32 |
| 43 | റോഡ് റെസ്റ്റോറേഷൻ ചാർജ് - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-33 |
| 44 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-34 |
| 45 | സ്ഥിര നിക്ഷേപം -ചട്ട വിരുദ്ധമായി ദേശസാത്കൃത ബാങ്കിൽ സൂക്ഷിക്കുന്നു | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വന്യ മൃഗ ശല്യം പരിഹരിക്കാൻ സോളാർ വേലി:സബ്സിഡി അധികമായി നല്കി | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് **1994** ലെ സെക്ഷൻ **215(4)** പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ **2011, KSAD** ഓഡിറ്റ് മാന്വൽ ചാപ്റ്റർ **4.2.1 & 11.3,** സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കേണ്ട നിർദേശങ്ങളും അനുസരിച്ച് അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **12.7.2023** ലെ **2(1)** തീരുമാന പ്രകാരം തയ്യാറാക്കി **09.8.2023** തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് **2023** ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് **&** പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം**&** എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2023** തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**Ii)C&AG** ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും **C&AG** നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരാമയ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**Iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം :മലപ്പുറം

തീയതി : 02-11-23

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 MGNREGS – ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

MGNREGS – ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗം ഹാജരാക്കിയ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് 17874380 രൂപയാണ്. വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ മുഴുവൻ തുകകളും ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-3 ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റീകൺസിലിയേഷന് പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. തുടർ മാസങ്ങളിലെ റീകൺസിലിയേഷൻ പത്രിക സെക്രട്ടറി സാക്ഷ്യപെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി നല്കി.

### 1-1-4 രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസേഷൻ ഫീസ് വരവ് രജിസ്റ്റർ എന്നിവ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ സൂചിപ്പിച്ച രജിസ്റ്ററുകൾ യഥാസമയങ്ങളിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതും, വാർഷിക

സംഗ്രഹം എഴുതി സൂക്ഷിക്കേണ്ടതാണ്.

### 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹192,931,834/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹22,119,551/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

### 1-1-7 വിവിധയിനം ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങൾ, എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

താഴെ കൊടുത്തിരിക്കുന്ന ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ (RP-7) വിവരങ്ങൾ, എ.സി.ആർ, എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | AFS(I-6+B3) | ACR |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 45645091 | 25519629 |
| വികസന ഫണ്ട്(എസ് സി പി) | 15874420 | 2583390 |
| CFC (Untied) | 33029430 | 5669665 |
| MG(Road) | 25517463 | 13374139 |
| MG(Non -Road) | 8918585 | 5007849 |

### 1-1-8 വാർഷിക കണക്കിലെ B4, B17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

AFS B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | B4 | B17 |
|---|---|---|
| CFC Tied | 13868702 | 15876524 |

### 1-1-9 അക്കൗണ്ട് ബാലൻസ് നെഗറ്റീവ് ആയി കാണുന്നു

LGTSB Ownfund Account(1148) ബാലൻസ് നെഗറ്റീവ് സംഖ്യയായി (-3230077) രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

### 1-1-10 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

ബി-12 സ്റ്റേറ്റ്മെന്റ് പ്രകാരം 4147100/- രൂപ നിക്ഷേപമുണ്ടെങ്കിലും, ആയതിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./ തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./ തിയ്യതി |
|---|---|
| 1 , 24/03/2022 | 1 , 18/03/2023 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 51865994.86 |
| വരവ് | 321511454 |
| ആകെ | 373377448.86 |
| ചെലവ് | 299391903 |
| നീക്കിയിരിപ്പ് | 73985545.86 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28103225 | 28103225 | 25519629 | 2583596 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9673868 | 9673868 | 8679742 | 994126 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 19866000 | 19866000 | 13374139 | 6491861 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9241000 | 9241000 | 5007849 | 4233151 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 16240783 | 16240783 | 2583390 | 13657393 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 5782000 | 5782000 | 5669665 | 112335 |

**1-4-1** ഗ്രാന്റ് സ്റ്റേറ്റ് മെന്റ് – അപാകത

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റുമെന്റ് , ACR എന്നിവ പരിശോധിച്ചതിൽ MG (Road) ചെലവിനം ഗ്രാന്റ് സ്റ്റേറ്റുമെന്റ് എ. സി. ആറുമായി പൊരുത്തപ്പെടുന്നില്ല.

| എ.സി. ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|
| 13374139 | 13044191 | 329948 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 316 | 320056587 | 206 | 107119339 | …. | 110 | 65% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3316 | 965085 | 968401 | 959620 | 8781 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 17874380 | 17874380 | 17874380 | |

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക എ.എഫ്. എസിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. 1-1-2 ൽ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമ പെൻഷൻ

| | | |
|---|---|---|
| കർഷകതൊഴിലാളി വേതനം | 5930300 | 526 |
| വിധവാപെൻഷൻ | 26433300 | 2388 |
| വാർദ്ധക്യകാലപെൻഷൻ | 39223900 | 3738 |
| വികലാംഗപെൻഷൻ | 7598800 | 707 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2057000 | 191 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2023 ന് 12.45 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4194/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2022-23 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.
2. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
3. മാസ്റ്റർ ഇൻക്യുബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല
4. കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ(FHC) എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. വെറ്റിനറി സർജൻ നിർദ്ദിഷ്ഠ മാതൃകയിലുള്ള പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/1/2023 | 1/12/2022 മുതൽ 31/12/2023 | 23/1/2023 |
| എ.ജി ഓഡിറ്റ് | 02/02/2015 | 2009-10 മുതൽ 2013-14 | 16/03/2015 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകക ക്രമീകരിക്കാൻ

അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം. | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യനിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | വിവിധ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ S0198/2015 | 2014-15 | KWA | 1000000 | തനത് ഫണ്ട് | - | 10,00,000 |
| 2 | വിവിധ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ S0219/2017 | 2016-17 | KWA | 800000<br>1200000 | കേന്ദ്ര വിഹിതം<br>തനത് ഫണ്ട് | - | 800000<br>1200000 |
| 3 | സമ്പൂർണ്ണ വൈദ്യുതീകരണം S0311/2017 | 2016-17 | KSEB | 347888<br>123512 | വികസന ഫണ്ട്<br>തനത് ഫണ്ട് | | 347888<br>123512 |
| 4 | വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ S0386/2018 | 2017-18 | KSEB | 28427 | തനത് ഫണ്ട് | - | 28427 |
| 5 | പൈപ്പ് ലൈൻ നീട്ടൽ S0278/2019 | 2018-19 | KWA | 1000000<br>500000 | CFC<br>തനത് ഫണ്ട് | - | 1000000<br>500000 |
| 6 | പൈപ്പ് ലൈൻ നീട്ടൽ S0335/2019 | 2018-19 | KWA | 1250000 | തനത് ഫണ്ട് | - | 1250000 |
| 7 | വൈദ്യുതി ലൈൻ നീട്ടൽ S0244/2020 | 2019-20 | KSEB | 244555 | CFC | - | 244555 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 04/24-08-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്യുന്നുണ്ടെങ്കിലും, അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ്

മീറ്റിംഗുകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

2). **ബജറ്റ്**

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 1,75,00,000 | 1,61,63,739 | 1336261 |
| Profession Tax | 75,00,000 | 74,54,680 | 45320 |
| Licence Fees | 9,00,000 | 2,96,950 | 603050 |
| Building Permit | 7,50,000 | 4,40,610 | 309390 |

**വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 04.05.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 4/1 നമ്പർ തീരുമാന പ്രകാരം 12.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് പഞ്ചായത്ത് സമിതി യോഗം 2/3 നമ്പർ തീരുമാന പ്രകാരം 13.04.2023 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

5). മേഖലകളുടെ തരം തിരിവും അതിർത്തികളും സംബന്ധിച്ച അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 06.07.2023 ലെ 1/1 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

6). പുതുക്കിയ വസ്തുനികുതി നിരക്ക് സംബന്ധിച്ച പ്രാഥമിക നോട്ടീസ് 12.05.2023 പരസ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വസ്തു നികുതി പരിഷ്ക്കരണം നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരം അപേക്ഷകൾ ഭരണസമിതി നിരസിക്കുകയും, 20.07.2023 ലെ 13/1 തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. പുതുക്കിയ നികുതി നിരക്കുകൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം പഞ്ചായത്താഫീസ്, മറ്റ് സ്ഥാപനങ്ങളിലും, ദിനപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

7). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നികുതി നിർണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് .നാളിതു വരെയും അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്.ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് മതിയായ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26,

27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| **സേവനം** | **ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി** |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

**കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.**

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള RAILWAY OFFICE, FCI GODOWN, POST OFFICES എന്നീ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും, **സർവ്വീസ് ചാർജ് ഈടാക്കിയിട്ടില്ല.**

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/ വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് / വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പഞ്ചായത്തിലെ 1 റേഷൻ കടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 296950/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ്.**

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.

(ഓഡിറ്റ് അന്വേഷണം 1/22-23 തി: 24.08.2023)

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നകിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന്

ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 തൊഴിൽ നികുതി- അടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം | റിമാർക്സ് |
|---|---|---|
| Anwar English Medium School, Thirurkkad | II | സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി |

മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത്- അപാകതകൾ

പ്രൊജക്ട് : പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നം : S0352/2023

അടങ്കൽ- 10,10,391 (SCP-491239, തനത് ഫണ്ട്-150000, ജില്ലാപഞ്ചായത്ത് -369152)

വൗച്ചർ നം. 22200905/25-03-2023 : 1,50,000

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ ജി.ഒ (എം.എസ്) 115/2022/തസ്വഭവ തി.28-05-2022, ഖണ്ഡിക7-2(4) പ്രകാരം നൽകാവുന്നതിലും അധികം നൽകിയതായി കാണുന്നു.

| ക്രമ നം. | പേര് | കോഴ്സ്/ സ്ഥാപനം | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|---|
| 1 | നിഹ സി, D/O. വിജയൻ, ചെങ്ങര, അങ്ങാടിപ്പുറം | ഡിപ്ലോമ ഇൻ ജനറൽ നഴ്സിംങ് & മിഡ് വൈഫറി KPM സ്കൂൾ ഓഫ് നഴ്സിംഗ്, മലപ്പുറം | 25,000 | 15,000 | 10,000 |
| 2 | റീതു കെ, D/O. രാമചന്ദ്രൻ, കായക്കുണ്ടിൽ, അമ്പാടി, ഏറാന്തോട് | ഡിപ്ലോമ ഇൻ ജനറൽ നഴ്സിംങ് & മിഡ് വൈഫറി EMSMCH, പെരിന്തൽമണ്ണ | 25,000 | 15,000 | 10,000 |

സർക്കാർ മാർഗ്ഗരേഖ പ്രകാരമാണ് തുക നൽകിയത് എന്നാണ് ഓഡിറ്റ് എൻക്വയറി നം. 12/26-08-2023 ന് മറുപടി ലഭ്യമാക്കിയത്. മേൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്ലസ് ടുവിന് ശേഷം മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിക്ക് നൽകാവുന്ന പരാമാവധി സ്കോളർഷിപ്പ് 15,000 രൂപയാണ്. ആയതിനാൽ മറുപടി

അംഗീകരിക്കുന്നില്ല. അധികം നൽകിയ 20,000 രൂപ തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 എസ് എസ് കെ വിഹിതം നൽകൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമായില്ല

ഹെഡ്മിസ്ട്രസ് നിർവ്വഹിച്ച എസ് എസ് കെ വിഹിതം നൽകൽ (156/2023) പദ്ധതിക്കായി 10,00,000/- രൂപ (ബിൽ നമ്പർ 22150352040300654546/16.10.22) യും എസ് എസ് കെ വിഹിതം നൽകൽ എസ് സി ( 157/2023) പദ്ധതിക്കായി 1,00,000/- രൂപ (ബിൽ നമ്പർ 22150352040300654545/16.10.22) യും കേരള സർവ്വ ശിക്ഷ സ്റ്റേറ്റ് പ്രോജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് സ.ഉ(കൈ)84/2022/തസ്വഭവ തിയ്യതി 19.04.2022, പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ കേരള സർവ്വ ശിക്ഷ പ്രോജക്ട് ഓഫീസർ അതതു തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കണം എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് . ഇത്തരത്തിലുള്ള വിശദമായ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (6/29.07 2023) ക്ക് വിനിയോഗ സാക്ഷ്യപത്രം പിന്നീട് സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത് . എസ് എസ് കെ യ്ക്കു നൽകിയ തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക ₹11,00,000 രൂപ തടസ്സം ചെയ്യുന്നു. കൂടാതെ പദ്ധതി മാർഗ്ഗരേഖ 8.6(3) എസ്.എസ്.കെ. പ്രെജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ ഭരണസ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണമെന്നും, പദ്ധതി പൂർത്തീകരണത്തിനുശേഷം എസ്.എസ്.കെ വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്നും നിർദ്ദേശമുള്ളതാണ്. ഭാവിയിൽ പദ്ധതി രൂപീകരിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം " മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2022-23 വർഷത്തിൽ ഹെഡ്മിസ്ട്രസ് നിർവഹിച്ച താഴെ പറയുന്ന പദ്ധതികൾ വഴി വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല എന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

1. എൽ പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ (171/23)

മെയിന്റനൻസ് നോൺ റോഡ് - 550000/-

(Bill No. 1)22150352040300682383/22.10.2022 : 342672/-

2)22150352040300910954/15.12.2022 : 85668/-

3) 22150352040301053668/17.01.2023 : 121660/-

ഇൻവോയ്സ് നം - 1. MPM 34/21.10.22 ₹ 342672

2. MPM 39/31.10.22 ₹ 85668

3. MPM 129/11.01.23 ₹ 121660

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | COMPACT DUAL DESK & BENCH 120*50*75 CM AND 120*40*45 CM WITH RUB WOOD TOP | 50 / 7260 | 428340 |
| 2 | STEEL CABINET WITH 4 SHELVES 200*90*48 CM. POWDER COAT FINISH | 2 / 11350 | 26786 |
| | | Total | 455126 |

2.എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ ( 166/23)

വികസന ഫണ്ട് എസ് സി പി (1223898/-)

(Bill No. 1)22150352040300682378/22.10.2022 : 437000/- + 0wn Fund 3000

2)22150352040301535898/28.03..2023 : 783898/-

ഇൻവോയ്സ് നം - 1. MPM 35/21.10.22 ₹ 440000

2. MPM 195/14.02.23 ₹ 391949

3. MPM 249/03.03.23 ₹ 391949

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | PARTICLE BOARD STUDY TABLE USING GOOD QUALITY PARTICLE BOARD WITH CUPBOARD AND SHATTER USING AS WRITING PAD 80*33*105 CM - 80*30*105 CM | 250 / 3507 | 1034565 |
| 2 | STAINLESS STEEL CHAIR WITH RUB WOOD TOP | 250 / 645 | 190275 |
| | | Total | 1224840 (ADJUSTED TO 1223898 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 19/01.09.2023 ) പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ആണ് നൽകിയത്. സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൽ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് ₹16,79,024 തടസ്സം ചെയ്യുന്നു.

## 1-17 ബയോബിൻ വിതരണ വിവരം ലഭ്യമല്ല

പ്രോജക്ട് : 301/23 ബയോബിൻ വിതരണ പദ്ധതി

അടങ്കൽ : 1045980/- (Central Share)+ 116424/- ( Benificiary Contribution)

ചെലവ് തുക : 1045980/- (Central Share)+ 116220/- ( Benificiary Contribution)

വൗച്ചർ നമ്പർ : 42200808/29-03-2023 8,13,180 രൂപ
വൗച്ചർ നമ്പർ : 42200817/30-03-2023 1,16,220 രൂപ
വൗച്ചർ നമ്പർ : 42200722/14-03-2023 2,32,800 രൂപ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം IRCTC യിൽ നിന്നും 390 ബയോബിന്നുകൾ @2980രൂപക്ക് (₹1162200)പർച്ചേസ് ചെയ്തിട്ടുണ്ട്. തുകയുടെ 10% ഗുണഭോക്തൃ വിഹിതവും 90% സബ്സിഡി തുകയും ആണ് IRCTC ക്ക് നൽകുന്നതിനായി പിൻവലിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി താഴെ പറയുന്ന അനുബന്ധ രേഖകൾ കൂടി ലഭ്യമാക്കേണ്ടതാണ്.

1. ₹116220 /- രൂപയുടെ കൈപ്പറ്റ് രശീതി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ₹1045980/-രൂപയുടെ കൈപ്പറ്റ് രശീതി കൂടി ലഭ്യമാക്കേണ്ടതാണ്.

2. ബയോബിന്നുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ

3. പദ്ധതിയുടെ പൂർത്തീകരണ മോണിറ്ററിംഗ് സമിതി റിപ്പോർട്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/2022-23/ 27.08.2023) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹1162200 രൂപ തടസ്സം ചെയ്യുന്നു.

## 1-18 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച 2020-21 വർഷം മുതൽ ലൈഫ് ഭവന നിർമ്മാണത്തിനായി കരാർ വെച്ച് താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ആയി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | ആദ്യഗഡു കൈപ്പറ്റിയ വർഷം | നാളിതുവരെയായി കൈപ്പറ്റിയ തുക | നിലവിലെ ഗഡു കൈപ്പറ്റിയ തിയ്യതി |
|---|---|---|---|---|
| 1 | മിനി എം മുണ്ടക്കൽ | 20-21 | 300000 | 23.06.2022 |
| 2 | സുബൈദ ഒറ്റകത്ത് | 20-21 | 40000 | 20-21 |
| 3 | ശാന്തകുമാരി ചാലിയത്തൊടി | 19-20 | 300000 | 01.10.2021 |
| 4 | ഷീബ തിരുതാളിൽ | 20-21 | 300000 | 07.02.2022 |
| 5 | സജിന തട്ടാരക്കാട്ടിൽ | 20-21 | 40000 | 11.02.2021 |
| 6 | ഗ്രീഷ്മ ഗിരീഷ് | 21-22 | 200000 | 27.06.2023 |
| 7 | ഇന്ദിര ചുണ്ടേൻ പറമ്പിൽ | 21-22 | 200000 | 27.06.2023 |
| 8 | മിനിമോൾ കീഴേടത്ത് വടക്കേപറമ്പിൽ | 21-22 | 200000 | 31.01.2023 |
| 9 | സുബിത്ര വാഴത്തൊടി | 21-22 | 200000 | 13.07.2022 |
| 10 | പ്രജിത വലിയ വീട്ടിൽ | 21-22 | 200000 | 27.03.2023 |

മേൽ ഗുണഭോക്താക്കൾ കൂടാതെ 50 ലധികം ഗുണഭോക്താക്കൾ 300000 രൂപ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായും രജിസ്റ്ററിൽ നിന്നും വ്യക്തമാവുന്നുണ്ട്. അവരുടെയും മേൽ പട്ടികയിൽ കാണിച്ച ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

വ്യക്തമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 16/22-23/01.09.2023) ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നനും അറിയിച്ചു. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 സാക്ഷരത- അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് : 160/23 തുടർ വിദ്യാഭ്യാസ പരിപാടി സാക്ഷരത

അടങ്കൽ : ₹250000 (Own Fund)

ചെലവ് തുക : ₹ 249450 ( Own Fund)

ഹെഡ്മിസ്ട്രസ് നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന പ്രകാരമുള്ള കോഴ്സുകളിലേക്കായി വിദ്യാർത്ഥികളുടെ കോഴ്സ് ഫീ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | കോഴ്സ് | ആകെ വിദ്യർത്ഥികൾ | കോഴ്സ് ഫീ | ആകെ അടവാക്കിയ തുക | വൗച്ചർ നമ്പർ |
|---|---|---|---|---|---|
| 1 | Plus 2 തുല്യത | 28 | 2200 | 61600 | 42200645/21-02-2023 |
| 2 | 10 Th തുല്യത | 35 | 1950 | 68250 | 42200801/29-03-2023 |
| 3 | Plus 1 തുല്യത | 46 | 2600 | 119600 | |

മേൽ തുകകളുടെ കൈപ്പറ്റ് വിവരം, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (21/22-23/01.09.2023) ക്ക് ആയത് കിട്ടുന്ന മുറക്ക് ലഭ്യമാക്കുന്നതാണെന്ന മറുപടി നൽകി. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹2,49,450 രൂപ തടസ്സം ചെയ്യുന്നു.

## 1-20 മുഴുവൻ മരുന്നുകളും ലഭ്യമായില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ (FHC) നിർവഹണം നടത്തിയ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെ കാണും പ്രകാരം തുക KMSCL ന് നല്കിയെങ്കിലും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദാംശം:

| ക്രമ നം. | പ്രൊജക്ട് പേര്, നമ്പർ | മരുന്നിനായി നല്കിയ തുക | ബിൽ റെഫ.നം./ തി. | ലഭ്യമായ മരുന്നിന്റെ മൂല്യം | ശേഷിക്കുന്നത് |
|---|---|---|---|---|---|
| 1. | പരിരക്ഷ പദ്ധതി 3/23 | 97092 വികസന ഫണ്ട് പൊതുവിഭാഗം | 2215035203910 1508454തി.28.03.2023 | 59913 | 37179 |
| | | 638576 വികസന ഫണ്ട് പൊതുവിഭാഗം | 2215035203910 1026808തി.11.1.23 | 534299 | 104277 |
| 2. | കിഡ്നി ട്രാൻസ്പ്ലാന്റ് രോഗികൾക്ക് മരുന്നു വാങ്ങൽ(6/23) | 399989 വികസന ഫണ്ട് പൊതുവിഭാഗം | 221503520391015 08304തി 28.3.23 | 109657 | 290332 |
| 3 | FHC യിലേക്ക് മരുന്നു വാങ്ങൽ(7/23) | 350050 (MG-NR) | 221503520391010 26736തി 11.1.2023 | 267231 | 82819 |
| | **ആകെ** | | | | **5,14,307** |

ശേഷിക്കുന്ന **5,14,307** രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ക്രമ നം. 3 പ്രകാരമുള്ള പദ്ധതി പ്രകാരം ലഭ്യമാകേണ്ടിയിരുന്ന 2.75 രൂപ വിലയുള്ള Glyciphage SR 1GM-നു (29,080 എണ്ണം) പകരം 0.82 പൈസയുടെ ജെനെറിക്ക് മരുന്നാണ് ലഭ്യമായിട്ടുള്ളത് എന്നതിനാൽ ശേഷിക്കുന്ന തുകയുടെ ക്രമീകരണ വിവരം കൂടി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/24.8.2023 നു മറുപടിയായി ശേഷിക്കുന്ന മുഴുവൻ മരുന്നുകളും ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ കത്തു നം. 372/2023 തിയതി 26.8.23 ന്റെ പകർപ്പ് ഹാജരാക്കി. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 FHC യിലേക്ക് പ്രിന്റർ വാങ്ങൽ-അപാകത

| | |
|---|---|
| **പദ്ധതിയുടെ പേര്** | FHC യിലേക്ക് പ്രിന്റർ വാങ്ങൽ |
| **പ്രൊജക്ട് നം.** | 325/23 |
| **നിർവഹണം** | മെഡിക്കൽ ഓഫീസർ |
| **അടങ്കൽ** | 100000 |
| **ചെലവ്** | 95000 |
| **വൗച്ചർ നം./ തിയതി** | 22200976/29.3.23 |
| **ഫണ്ട്** | തനതു ഫണ്ട് |

ഇലക്ട്രോണിക്സും വിവര സാങ്കേതികവും വിദ്യ വകുപ്പിന്റെ സർക്കുലർ നം .(ഐ.ടി സെൽ) 1/26/2019/വി.സ.വ തീയതി 18.03.2019 പ്രകാരം വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, വിവിധ കമ്മീഷനുകൾക്കും, യൂണിവേഴ്സിറ്റികൾ, കമ്പനി / ബോർഡ്, കോർപ്പറേഷനുകൾ ഉൾപ്പടെയുള്ള സ്വയംഭരണ/പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസ് പ്രോക്യൂർമെന്റ് സംവിധാനത്തിന്റെ പോർട്ടലിലൂടെ (Www.Cprcs.Kerala.Gov.In) മാത്രമേ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ മേൽ സർക്കുലറിലെ ക്രമ നം. 1 പ്രകാരം Www.Cprcs.Kerala.Gov.In എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്പ് ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പിയറുകൾ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിന് സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനമല്ലാതെ വ്യത്യസ്തമായ ടെണ്ടറുകളോ, TSP സ്വകാര്യ ഏജൻസികൾ മുഖാന്തിരമുള്ള നേരിട്ടുള്ള പർച്ചെയ്സോ അനുവദിക്കുന്നതല്ല എന്നും ക്രമ നം. 2 പ്രകാരം സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നതിന്, കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷന്റെ പ്രതിനിധി ഉൾപ്പെട്ട വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോട് കൂടി പ്രത്യേകം ടെണ്ടർ ചെയ്യുകയോ, TSP മുഖാന്തിരം ടെണ്ടർ ചെയ്ത് വാങ്ങുകയോ ചെയ്യാവുന്നതാണ് എന്നും, ക്രമ നം. 3 പ്രകാരം സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഐ.റ്റി ഉപകരണങ്ങൾ ഇതര മാർഗ്ഗങ്ങളിലൂടെ കൂടിയ വിലയ്ക്ക് വാങ്ങുകയാണെങ്കിൽ, ഉപകരണങ്ങൾക്ക് അധികം നൽകേണ്ടി വരുന്ന വില പർച്ചേസിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥന്റെ / ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും, ഇപ്രകാരം ചെലവഴിച്ച് അധിക ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും സർക്കാരിലേയ്ക്ക് / സ്ഥാപനത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി ബന്ധപ്പെട്ട വകുപ്പുകൾ / സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ് എന്നും ക്രമ നം. 5 പ്രകാരം കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷൻ/സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീം (SeMT) പ്രതിനിധി ഉൾപ്പെട്ട വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ സഹിതം മാത്രമേ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഐ.റ്റി ഉപകരണങ്ങളുടെ പർച്ചേസ് അനുവദിക്കുകയുള്ളൂ എന്നും ഇക്കാര്യം എല്ലാ വകുപ്പ് /സ്ഥാപന മേധാവികളും പർച്ചേസിനു മുമ്പായി ഉറപ്പുവരുത്തേണ്ടതാണ് എന്നും നിർദേശമുള്ളതാണ്.

ഇതിനു പുറമെ ജി.ഒ(ആർ.ടി) നമ്പർ 486/2022/LSGD തിയതി.28.02.22 ഖണ്ഡിക 2 പ്രകാരം CPRCS മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡെപ്പോസിറ്റ് തുക തിരികെ വാങ്ങി മേൽ തുക ഉപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാനുള്ള അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്.

എന്നാൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ഈ നിർദേശങ്ങൾ പാലിക്കാതെ ആശുപത്രിയിലേക്ക് ഒരു Business Multifunction Image Runner A3 Printer ക്വട്ടേഷൻ(123/2023 തിയതി 8.3.23) ക്ഷണിച്ചു ലഭ്യമായ 3 സപ്ലയർമാരിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കെ.വി.ആർ സിസ്റ്റംസ് സെയിൽസ് ആൻഡ് സർവീസ് പ്രൈ.ലി. കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. KCB2C22230822/16.3.23 പ്രകാരം 95,000 രൂപ നല്കി നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണമാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി 2/24.08.2023-നു "സി.പി.ആർ.സി.എസ് ലിസ്റ്റ് പരിശോധിച്ചതിൽ നിശ്ചിത സ്പെസിഫിക്കേഷനിൽ ഉള്ള ഉപകരണം ലഭ്യമായിരുന്നില്ല. ആയതിനാൽ ഇൻസ്റ്റിറ്റ്യൂഷൻ പർച്ചെയ്സ് കമ്മറ്റിയുടെ അംഗീകാരത്തോടുകൂടി പൊതുമാർക്കറ്റിൽനിന്നും ക്വട്ടേഷൻ ക്ഷണിച്ച് നടപടികൾ പാലിച്ചു പിന്റർ വാങ്ങുകയാണ് ഉണ്ടായത്. ആശുപതിയെ ആശ്രയിക്കുന്ന ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിവിധ ഫോമുകൾ, സർട്ടിഫിക്കറ്റുകൾ, ആശുപത്രി ഉപകരണങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ മറ്റു രേഖകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായാണ് എ-3 സ്പെസിഫിക്കേഷൻ ഉള്ള പ്രിന്റർ വാങ്ങിയത്. ഇതിന്റെ നടപടിക്രമങ്ങൾ ശരിയായ രീതിയിൽ പാലിക്കാനാവാഞ്ഞത് നടപടിക്രമങ്ങളിലുള്ള അജ്ഞത മൂലവും ത്വരിതഗതിയിൽ ഈ ഉപകരണം ലഭ്യമാക്കണമെന്ന ഉദ്ദേശമുണ്ടായത് കൊണ്ടുമാണ്" എന്ന മറുപടിയാണ് നല്കിയത് . സർക്കാർ നിർദേശങ്ങൾ പാലിക്കാത്തതിനു നല്കുന്ന ഇത്തരത്തിലുള്ള മറുപടി ഓഡിറ്റിൽ അംഗീകരിക്കാനാവില്ല. ഭാവിയിൽ അപാകത ആവർത്തിക്കാതെ നോക്കേണ്ടതും, സർക്കാർ ഉത്തരവു അനുസരിച്ചുള്ള നടപടി ക്രമങ്ങൾ ലംഘിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, ഇക്കാര്യത്തിലെ വീഴ്ച ഓഡിറ്റ് ഗൗരവ പൂർവം വീക്ഷിക്കുന്നതുമാണ്.

## 1-22 ഹരിതകർമ്മസേന – പ്രവർത്തനാവലോകനം

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്നതാണ്

ഹരിത കർമ്മസേനയുടെ ലക്ഷ്യം. വെള്ളം , വൃത്തി വിളവ് എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ , ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡ്, എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടിക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മസേന പ്രവർത്തനം 2019 ലാണ് 54 അംഗങ്ങളുമായി പ്രവർത്തനം ആരംഭിച്ചത്. 23 വാർഡുകളുള്ള ഗാമ പഞ്ചായത്തിൽ നിലവിൽ 14 അംഗങ്ങളാണ് ഹരിതകർമ്മസേനക്ക് ഉള്ളത്. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്കിടയിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ആണ് ഫീസ് ഈടാക്കി വരുന്നത്. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. യൂസർ ഫീ കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് വില്പന നടത്തി ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം. ടി വരുമാനം സൗത്ത് ഇന്ത്യൻ ബാങ്കിലെ അങ്ങാടിപ്പുറം ബ്രാഞ്ചിലെ ഹരിത കർമ്മസേനാ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 0537073000000387) നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. റിജക്ടഡ് വേസ്റ്റ് 11 രൂപക്ക് ക്ലീൻ കേരള എന്ന സ്ഥാപനത്തിനാണ് നൽകുന്നത്.

2022-23 വർഷത്തിൽ ഹരിത കർമ്മസേനക്ക് വേണ്ടി താഴെ പറയും പ്രകാരമുള്ള പ്രൊജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ തുക/ ഫണ്ടിനം | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 308/23 അജൈവ പാഴ് വസ്തുക്കൾ എം സി എഫ് കേന്ദ്രത്തിലെത്തിക്കുന്നതിന് വാഹന വാടക നൽകൽ | 250000 Own Fund | 68200 | 2023 ജനുവരി , ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാഹന വാടക |
| 2 | 105/23ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്, യൂണിഫോം അലവൻസ്, തൊഴിലുപകരണങ്ങൾ എന്നിവ നൽകൽ | 219359 Own Fund | 11970 | ഗം ബൂട്ട്, മാസ്ക് ഗ്ലൗസ് എന്നിവ നൽകിയതിന് ജിംകോ എക്സിം ആന്റ് ട്രേഡ് പ്രൈ.ലി നൽകിയത് |
| 3 | 307/23അജൈവ മാലിന്യ ശേഖരണവും തരം തിരിക്കലും - എം സി എഫ് ഭൂമിയുടേയും ഷെഡ്ഡിന്റേയും വാടക നൽകൽ | 132598 Own Fund | 19136 | 2023 ഫെബ്രുവരി , മാർച്ച് മാസങ്ങളിലെ എം സി എഫ് വാടക |
| 4 | 24/23ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | 200861 Own Fund | 200150 | 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെയുള്ള എം സി എഫ് വാടകയും ജൂലൈ മുതൽ ഡിസംബർ വരെയുള്ള വാഹന വാടകയും |
| 5 | 13/23 അജൈവ മാലിന്യങ്ങൾ കൊണ്ടുപോവുന്നതിന് ക്ലീൻ കേരളക്ക് തുക നൽകൽ | 1000000 CFC | 581622 | അജൈവ മാലിന്യങ്ങൾ കൊണ്ടുപോവുന്നതിന് ക്ലീൻ കേരളക്ക് തുക നൽകിയത് |

മേൽ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനം പരിശോധിച്ചതിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ സർക്കാർ ഉത്തരവു പ്രകാരം ലക്ഷ്യമിട്ട ലക്ഷ്യങ്ങൾ കൈവരിച്ച് മാലിന്യത്തിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതാണ്.

1) 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150

സ്കവയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. എന്നാൽ പഞ്ചായത്തിൽ വാർഡു തലത്തിൽ മിനി എം സി എഫുകൾ സ്ഥാപിച്ചിട്ടില്ല. വാർഡ് 5 ൽ 20വർഷത്തേക്ക് ലീസിനെടുത്ത സ്ഥലത്തുള്ള കെട്ടിടത്തിലെ ഒരു എം സി എഫ് മാത്രമാണ് നിലവിൽ ഉള്ളത് . ഹരിതകർമ്മസേന ശേഖരിച്ചു വരുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനും തരംതിരിക്കുന്നതിനമായി എം സി എഫ് സ്ഥാപിക്കേണ്ടത് വളരെ പ്രാധാന്യത്തോടെ കാണേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) യൂസർ ഫീ ഈടാക്കുന്നതിനായി പ്രത്യേകം രസീത് ബുക്കുകളും അച്ചടിച്ചിട്ടുണ്ട്. ടി രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നിലവിൽ എത്ര രശീതി ബുക്കുകൾ ബാക്കി നിൽക്കുന്നുവെന്നതിന് കൃത്യതയില്ല. രശീതി ബുക്കിൽ തുക മാനുവലായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ചില രശീതുകൾ പ്രകാരം 100/- രൂപയിൽ കൂടുതൽ പിരിച്ചെടുത്തതായും ശ്രദ്ധയിൽപെട്ടു. പിരിച്ചെടുത്ത തുകക്ക് വ്യക്തമായ കലക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3) യൂസർഫീ കളക്ഷൻ എല്ലാ കളക്ഷൻ തീയതികളിലും പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

4) ഹരിത കർമ്മസേന സംരംഭകർക്ക് കൃത്യമായ യൂസർഫീ ലഭിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിനായി പ്രദേശത്തെ വീടുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനവും കൺസോർഷ്യവും ചേർന്ന് ഒരു കരാർ വെക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കരാർ വെച്ചിട്ടില്ല.

5) മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ക്ലീൻ കേരള ക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

6) നിലവിൽ റിജക്ടഡ് വേസ്റ്റ് ക്ലീൻ കേരള കമ്പനിക്കാണ് നൽകുന്നത് (@11 നികുതി ഒഴികെ) . റിജക്ടഡ് വേസ്റ്റ് കൊണ്ടുപോവുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ കൂടുതൽ കമ്പനികളെ ഉൾപ്പെടുത്താനാവുകയും പഞ്ചായത്തിന് തനത് വരുമാനത്തിൽ നിന്നുമുള്ള ചെലവ് കുറക്കാൻ സാധിക്കുന്നതുമാണ്.

7) ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 18/27.08.2023)

## 1-23 വന്യമൃഗ ശല്യം പരിഹരിക്കാൻ സോളാർ വേലി:സബ്സിഡി അധികമായി നല്കി

| | |
|---|---|
| **പദ്ധതിയുടെ പേര്** | വന്യമൃഗ ശല്യം പരിഹരിക്കാൻ സോളാർ വേലി |
| **പ്രൊജക്ട് നം.** | 143/23 |
| **നിർവഹണം** | കൃഷി ഓഫീസർ |
| **അടങ്കൽ** | 1,64,270 |
| **ചെലവ്** | 1,44,270 |
| **വൗച്ചർ നം./ തിയതി** | 1) 22200771/21.2.23- 60,270<br>2) 22200907/25.3.23- 84,000 |
| **ഫണ്ട്** | തനതു ഫണ്ട് |

കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ കാണും പ്രകാരമുള്ള അപാകതയുണ്ട്.

സ.ഉ.(കൈ) നം. 115/2022 ത.സ്വ.ഭ.വ തി. 28.5.22 മാർഗ രേഖ പ്രകാരം ചെറുകിട/ നാമ മാത്ര കർഷകർക്കാണ് ആനുകൂല്യം നല്കാവുന്നത്. എന്നാൽ തുക നല്കപ്പെട്ടിട്ടുള്ളത് ആട്ടീരി കർഷക സംഘം, തട്ടാരക്കാട് FIG എന്നീ കർഷക സംഘങ്ങൾക്കാണ്. കൂടാതെ മേൽ പരാമർശിച്ച അതേ ഉത്തരവു പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 50% ആണ് നല്കാവുന്ന പരമാവധി സബ്സിഡി. ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരം ഗുണഭോക്താക്കളുടെ ചുമതലയിൽ നടപ്പാക്കിയ മേൽ പദ്ധതിക്ക് ആകെ ചെലവായ തുക താഴെ കൊടുക്കുന്നു.

| വൗച്ചർ നം. | ഇൻവോയ്സ് നം./ തി. | തുക | സ്ഥാപനം | പ്രവർത്തി |
|---|---|---|---|---|
| 1. | 22/11.2.23 | 68,337 | SOLGA സോളാർ ടെക്നോളജീസ്,കുന്നക്കാവ് | Materials And Installation Of 574meter 3 Line GI Fencing And Solar Fence Energizer Unit |
| 2. | 29/17.3.23 | 89,700 | SOLGA സോളാർ ടെക്നോളജീസ്,കുന്നക്കാവ് | Materials And Installation Contract For 846 Meter 3 Line Fencing And Solar Energizer Unit |
| | **ആകെ** | **158037** | | |

സോളാർ വേലി നിർമ്മിക്കാൻ ആകെ ചെലവായ തുക യഥാർത്ഥത്തിൽ **158,037**(89700+68337) രൂപ മാത്രമാണ്. എന്നാൽ ആദ്യം കൊടുത്ത പട്ടികയിൽ കാണിച്ച 2 വൗച്ചറുകൾ പ്രകാരം മൊത്തം 1,44,270 രൂപ നിർവഹണ

ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. അതായത് യഥാക്രമം 34,168 രൂപയും (68,337 ന്റെ 50%) 44850 രൂപയും ( 89,700 ന്റെ 50%) ചേർത്ത് 79,018 ആണ് അനുവദനീയമായ പരമാവധി സബ്സിഡി. എന്നാൽ വൗച്ചർ നം. 1 പ്രകാരം 26,102 രൂപയും (60,270-34,168) രൂപയും വൗച്ചർ നം. 2 പ്രകാരം 39150 രൂപയും (84000-44850) ഉൾപ്പെടെ ആകെ **65,252** രൂപ അധിക സബ്സിഡി അനുവദിച്ചിട്ടുണ്ട്.

അപാകതകക്ക് വിശദീകരണമാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി 15/26.08.2023 നു ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതിയിൽ ജില്ലാ തലത്തിൽ നിർണയിച്ച യൂണിറ്റ് കോസ്റ്റായ 210 രൂപയുടെ പകുതിയായ 105 രൂപയാണു നല്കിയത് എന്നു അറിയിച്ചെങ്കിലും വന്യ മൃഗ ശല്യം പരിഹരിക്കാൻ സോളാർ വേലിക്ക് ആകെ ചെലവായ തുക മുകളിൽ കാണിച്ച 2 ഇൻവോയ്സുകൾ പ്രകാരമുള്ള 1,58,037(89700+68337) രൂപ ആയതിനാലും ആയതിന്റെ 50% ആയ 79,018 രൂപ ആണ് പരമാവധി അനുവദനീയമായ സബ്സിഡി എന്നതിനാലും ആകെ നല്കിയ സബ്സിഡി തുകയിൽ(84,000+60,270=1,44,270) അധികമായി നല്കിയ 65,252 (1,44,270-79,018) രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കുകയോ അല്ലാത്ത പക്ഷം മേൽ തുക ഈടാക്കി വിശദാംശം അറിയിക്കുയോ ചെയ്യേണ്ടതാണ്.

## 1-24 ഡ്രൈനേജ് നിർമമാണം-അധികം നൽകിയ 28997 രൂപ തിരിച്ചടച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവ്യത്തികളിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദനീയമായത് .മേൽ പ്രവ്യത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചത് മൂലം അധിക നിരക്ക് നൽകിയത് ഓഡിറ്റ് എൻക്വയറിയെ( നം. 9/25.8.2023 )തുടർന്ന് തിരിച്ചടവാക്കി.

| ക്രമ നം. | പ്രവ്യത്തി | അധികം നൽകിയത് | രശീതി നം.തിയ്യതി |
|---|---|---|---|
| 1 | ഓരാടം പാലം പാറപ്പറമ്പ് വലിയ വീട്ടിൽ പടി എറൈിഷ് ഡ്രൈനേജ്(78/23) | 15292 | 1230202880/02.09.2023 |
| 2 | പഞ്ചായത്ത് പടി തട്ടാരക്കാട് റോഡിൽ അഴുക്ക് ചാൽ നിർമ്മാണം(65/23) | 13705 | 1230202879/02.09.2023 |

## 1-25 പ്രവ്യത്തി വൈകി പൂർത്തീകരിച്ചത്-പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവ്യത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവ്യത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവ്യത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവ്യത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവ്യത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവ്യത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവ്യത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവ്യത്തിയിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവ്യത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | തേജസ് നഗർ റോഡ് നവീകരണം<br>(113/22,50/23)<br>അടങ്കൽ<br>1250000<br>തനത് ഫണ്ട്,<br>ചെലവ് -<br>1040395 -<br>(വൗച്ചർ നം<br>110/<br>Dt.-30.3.2023<br>1040395<br>PAC- 1037766<br>മൂല്യ നിർണ്ണയം -<br>881690.98<br>അളവ് പുസ്തകം<br>179/21-22<br>കരാറുകാരൻ - മുഹമ്മദ് ഷമീം.ടി<br>കരാർ<br>104/21-22 AE/ APMDt.15.1.2022 | - | 14.6.202 വരെ<br>(6 മാസം) | 16.2.2023 | 45893<br>15.6.2022 മുതൽ 14.9.2022 വരെ<br>10378<br>(1037766x1/100)<br>15.9.2022 മുതൽ 14.12.2022 വരെ<br>2% PAC<br>20756<br>(1037766 X 2/100)<br>15.12.2022 മുതൽ 16.2.23 വരെ<br>14759<br>(1037766x2%X64/90) |

പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 10/25.8.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.)

## 1-26 മരുന്ന് മുഴുവൻ ലഭ്യമായില്ല

2022-23 ൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി 200000 രൂപ കേരള സ്റ്റേറ്റ് ഹോമിയോ പൊതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട് (ബിൽ നം.22150352038500856837/29.11.2022) Proforma Invoice No.548/12.10.2022).ആയതിൽ 68027 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത് (Invoice No. LF-622/22.7.23)ബാക്കി131973 മരുന്ന് ലഭ്യമായിട്ടില്ല. (മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.4/25.8.2023 നൽകിയതിന് മരുന്ന് ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-27 വക്കീൽ ഫീസ് ഇനത്തിൽ തുക നൽകിയത് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

22200822/14-03-2023 : 21000

വക്കീൽ ഫീസ് ഇനത്തിൽ അഡ്വ.അബ്ദുൽ നിഷാദിന് മേൽ വൗച്ചർ പ്രകാരം 21000 രൂപ നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്)നം. 36/2016/തസ്വഭവ/18-02-2016 പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് കേസൊന്നിന് 15000 രൂപ വരെ വക്കീൽ ഫീസായി അനുവദിക്കാവുന്നതാണ്. വകുപ്പദ്ധ്യക്ഷന്റെ അനുമതിയോടെ ഈ ഇനത്തിൽ 50000രൂപ വരെ ചെലവഴിക്കാവുന്നതാണ്. എന്നാൽ മേൽ ചെലവിന് വകുപ്പദ്ധ്യക്ഷന്റെ അനുമതി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. അനുമതി ലഭ്യമാക്കി അറിയിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.20/01-09-2023 ന് മറുപടി ലഭ്യമാക്കി.

## 1-28 വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| വൗച്ചർ നമ്പർ/ തീയ്യതി | പ്രോജക്ട് | തുക | ലഭ്യമാക്കേണ്ട രേഖ |
|---|---|---|---|
| 22200774/21-02-2023 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് - സ്ട്രീറ്റ് മെയ്ൻ നീട്ടൽ<br>S0117/2023 | 1800696 | മങ്കട (417576), അങ്ങാടിപ്പുറം (1383120) KSEB സെക്ഷനുകളിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | വിനിയോഗ സാക്ഷ്യപത്രം |
| 22201008/31-03-2023<br>172/12-12-2022 | വിവിധ കുടിവെള്ള പദ്ധതികൾക്ക് കുഴൽക്കിണർ നിർമ്മാണം<br>S0093/2023 | 241887<br>14245 | GWD, മലപ്പുറത്തിൽ നിന്നുള്ള ഏഴ് കുഴൽക്കിണർ നിർമ്മാണങ്ങളുടെ പൂർത്തീ കരണ സാക്ഷ്യപത്രം |
| | ആകെ | 2056828 | |

രേഖകൾ ലഭ്യമാക്കി അറിയിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.20/01-09-2023 ന് മറുപടി നൽകി. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 2056828 തടസ്സം ചെയ്യുന്നു.

## 1-29 ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22200703/31-01-2023 | ശുചിത്വമിഷൻ അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിന് നൽകിയ വിഹിതം | 25000 | രശീതി |
| 2 | 22200108/26-05-2-22 | സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ലൈബ്രറി സെസ് ഇനത്തിൽ നൽകിയ തുക | 681267 | രശീതി |
| 3 | 22200119/16-06-2-22 | ക്രൂസിന് വാർഷിക വരി നൽകിയത് | 2000 | രശീതി |
| 4 | 22200763/26-02-2023<br>22200874/27-03-2023 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ തുക | 94713<br>64252 | രശീതി |
| 5 | 22200449/08-11-2022 | ഗ്രാമ പഞ്ചായത്ത് അസോസിയേഷന് നൽകിയ തുക | 6000 | രശീതി |
| | | ആകെ | 873232 | |

രേഖകൾ ലഭ്യമാക്കി അറിയിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.20/01-09-2023 ന് മറുപടി നൽകി. ആയത് പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 873232 രൂപ തടസ്സം ചെയ്യുന്നു.

## 1-30 ഫെസ്റ്റിവൽ അഡ്വാൻസ് -തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി 22200300/05-09-2022-ാം നമ്പർ വൗച്ചർ പ്രകാരം 1,00,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് .

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര് | കൈപ്പറിയ തുക | തിരിച്ചടവാക്കിയ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ശ്രീ. അജിത് മോഹൻ, ജൂനിയർ സൂപ്രണ്ട് | 10,000 | 4000 | 6,000 |
| 2 | ശ്രീ. സജ്ജു കെ.എസ്, സീനി. ക്ലർക്ക് | 20000 | 12000 | 8,000 |

| | | | | |
|---|---|---|---|---|
| 3 | ശ്രീ. ശ്രീകുമാർ വി സീനി. ക്ലർക്ക് | 10,000 | 6,000 | 4,000 |

ഓഡിറ്റ് എൻക്വയറി നം. 24/02-09-2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 ശുചീകരണ പ്രവൃത്തി- തുക ഈടാക്കിയിട്ടില്ല.

അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രത്തിലെ പൂരാഘോഷം 2022 മായി ബന്ധപ്പെട്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ചെലവായി 2,36,000 രൂപ വൗച്ചർ നം. 22200382/01-10-2022 പ്രകാരം കരാറുകാരനായ ശ്രീ.മുഹമ്മദ് പി-ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 50% വിഹിതം തിരുമാന്ധാംകുന്ന് ദേവസ്വം അധികൃതരിൽ നിന്ന് ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 01-10-2022 ലെ 17(1)-ാം നമ്പർ യോഗ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. തുക നാളിതുവരെ ഈടാക്കിയിട്ടില്ല. തുക ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് 23/02-09-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-32 കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക അടവാക്കി - തുടർനടപടി വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 241/23 |
| പ്രോജക്ടിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിംഗിന് ധനസഹായം |
| ചെലവ് തുക | 50000 (വികസനഫണ്ട് ജനറൽ) 59278(തനത് ഫണ്ട്) |
| ബിൽ നം. | 12/ 06.12.2022 (വികസനഫണ്ട് ജനറൽ) 251240102/18.12.2022 (തനത് ഫണ്ട്) |
| നിർവ്വഹണം | സെക്രട്ടറി |

സ.ഉ(സാധാ)നം.426/തസ്വഭവ/26.02.19പ്രകാരം കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ഒരു കുട്ടിക്ക് 50000/-രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറുക എന്നതാണ് പദ്ധതി. ഇതു പ്രകാരം, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച, മൂന്ന് ഗുണഭോക്താക്കൾക്കായി (റിൻഷാൻ കല്ലൻകുന്നൻ, മുഹമ്മദ് ശാമിൽ ആറങ്ങോടൻ, തൻഹ കെ ടി കൈതക്കോട്ട് തൊടി) 109278/-രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/26.08.2023 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-33 റോഡ് റെസ്റ്റൊറേഷൻ ചാർജ് - രേഖകൾ ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ റോഡുകൾ കീറി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് റെസ്റ്റൊറേഷൻ ചാർജ് ഇനത്തിൽ 75,08,362/- രൂപ തൻവർഷം വരവ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ വ്യക്തമായ രേഖകൾ (റോഡിന്റെ പേര്, ട്രഞ്ചിന്റെ വീതി ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ്) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. റോഡ് റെസ്റ്റൊറേഷൻ ചാർജ് ഇനത്തിൽ ലഭ്യമായ വരവിന് ആധാരമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.25/02-09-2023ന് മറുപടി ലഭ്യമാക്കിയില്ല)

## 1-34 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-67374417908) 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പരിശോധിച്ചതിൽ 01.04.22 ന് 11312051/- രൂപ മുൻബാക്കിയും 31.3.2023 ന് 25478530/- രൂപ നീക്കിയിരിപ്പും ഉണ്ട്. പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തുന്നതിനാൽ പലിശയിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു. മേൽ തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 സ്ഥിര നിക്ഷേപം -ചട്ട വിരുദ്ധമായി ദേശസാത്കൃത ബാങ്കിൽ സൂക്ഷിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ്(പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം പഞ്ചായത്തിന് ഏതൊരു മിച്ച ഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും, ട്രഷറി ഡെപ്പോസിറ്റ് അക്കൗണ്ടിലും അല്ലെങ്കിൽ ആഡിറ്റ് തരം തിരിവിൽ ബി യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ദേശസാത്കൃത ബാങ്കിലാണ് സ്ഥിര നിക്ഷേപമുള്ളത്. വാർഷിക കണക്ക് പ്രകാരം സ്ഥിര നിക്ഷേപത്തിന് 3% പലിശ മാത്രമാണ് ലഭിച്ചിട്ടുള്ളത്. നിക്ഷേപ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ മുഴുവൻ പലിശയും ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. മിച്ചഫണ്ട് ചട്ടപ്രകാരമുള്ള സ്ഥാപനങ്ങളിൽ നിക്ഷേപിച്ച് അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വന്യ മൃഗ ശല്യം പരിഹരിക്കാൻ സോളാർ വേലി:സബ്സിഡി അധികമായി നല്കി

| | |
|---|---|
| **പദ്ധതിയുടെ പേര്** | വന്യ മൃഗ ശല്യം പരിഹരിക്കാൻ സോളാർ വേലി |
| **പ്രൊജക്ട് നം.** | 143/23 |
| **നിർവഹണം** | കൃഷി ഓഫീസർ |
| **അടങ്കൽ** | 1,64,270 |
| **ചെലവ്** | 1,44,270 |
| **വൗച്ചർ നം./ തിയതി** | 1) 22200771/21.2.23- 60,270<br>2) 22200907/25.3.23- 84,000 |
| **ഫണ്ട്** | തനതു ഫണ്ട് |

കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ കാണും പ്രകാരമുള്ള അപാകതയുണ്ട്.

സ.ഉ.(കൈ) നം. 115/2022 ത.സ്വ.ഭ.വ തി. 28.5.22 മാർഗ രേഖ പ്രകാരം ചെറുകിട/ നാമ മാത്ര കർഷകർക്കാണ് ആനുകൂല്യം നല്കാവുന്നത്. എന്നാൽ തുക നല്കപ്പെട്ടിട്ടുള്ളത് ആട്ടീരി കർഷക സംഘം, തട്ടാരക്കാട് FIG എന്നീ കർഷക സംഘങ്ങൾക്കാണ്. കൂടാതെ മേൽ പരാമർശിച്ച അതേ ഉത്തരവു പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 50% ആണ് നല്കാവുന്ന പരമാവധി സബ്സിഡി. ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരം ഗുണഭോക്താക്കളുടെ ചുമതലയിൽ നടപ്പാക്കിയ മേൽ പദ്ധതിക്ക് ആകെ ചെലവായ തുക താഴെ കൊടുക്കുന്നു.

| വൗച്ചർ നം. | ഇൻവോയ്സ് നം./ തി. | തുക | സ്ഥാപനം | പ്രവർത്തി |
|---|---|---|---|---|
| 1. | 22/11.2.23 | 68,337 | SOLGA സോളാർ ടെക്നോളജീസ്, കുന്നക്കാവ് | Materials And Installation Of 574meter 3 Line GI Fencing And Solar Fence Energizer Unit |
| 2. | 29/17.3.23 | 89,700 | SOLGA സോളാർ ടെക്നോളജീസ്, കുന്നക്കാവ് | Materials And Installation Contract For 846 Meter 3 Line Fencing And Solar Energizer Unit |
| | **ആകെ** | **158037** | | |

സോളാർ വേലി നിർമ്മിക്കാൻ ആകെ ചെലവായ തുക യഥാർത്ഥത്തിൽ **158,037**(89700+68337) രൂപ മാത്രമാണ്. എന്നാൽ ആദ്യം കൊടുത്ത പട്ടികയിൽ കാണിച്ച 2 വൗച്ചറുകൾ പ്രകാരം മൊത്തം 1,44,270 രൂപ നിർവഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. അതായത് യഥാക്രമം 34,168 രൂപയും (68,337 ന്റെ 50%) 44850 രൂപയും ( 89,700 ന്റെ 50%) ചേർത്ത് 79,018 ആണ് അനുവദനീയമായ പരമാവധി സബ്സിഡി. എന്നാൽ വൗച്ചർ നം. 1 പ്രകാരം 26,102 രൂപയും (60,270-34,168) രൂപയും വൗച്ചർ നം. 2 പ്രകാരം 39150 രൂപയും (84000-44850) ഉൾപ്പെടെ ആകെ **65,252** രൂപ അധിക സബ്സിഡി അനുവദിച്ചിട്ടുണ്ട്.

അപാകതക്ക് വിശദീകരണമാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി 15/26.08.2023 നു ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതിയിൽ ജില്ലാ തലത്തിൽ നിർണയിച്ച യൂണിറ്റ് കോസ്റ്റായ 210 രൂപയുടെ പകുതിയായ 105 രൂപയാണു നല്കിയത് എന്നു അറിയിച്ചെങ്കിലും വന്യ മൃഗ ശല്യം പരിഹരിക്കാൻ സോളാർ വേലിക്ക് ആകെ ചെലവായ തുക മുകളിൽ കാണിച്ച 2 ഇൻവോയ്സുകൾ പ്രകാരമുള്ള 1,58,037(89700+68337) രൂപ ആയതിനാലും ആയതിന്റെ 50% ആയ

79,018 രൂപ ആണ് പരമാവധി അനുവദനീയമായ സബ്സിഡി എന്നതിനാലും ആകെ നല്കിയ സബ്സിഡി തുകയിൽ(84,000+60,270=1,44,270) അധികമായി നല്കിയ 65,252(1,44,270-79,018) രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കുകയോ അല്ലാത്ത പക്ഷം മേൽ തുക ഈടാക്കി വിശദാംശം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 122524 | 173/23 പാൽ സബ്സിഡി | 122524 | 0 |
| | 320000 | 206/23 ഭിന്നശേഷി സ്കോളർഷിപ്പ് | 320000 | 0 |
| | 786250 | 135/23 നെൽക്കൃഷി വികസനം | 786250 | 0 |
| | 365000 | 352/23 സ്കോളർഷിപ്പ് | 365000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 173/23 പാൽ സബ്സിഡി | 200000 | 0 |
| | 860000 | 206/23 ഭിന്നശേഷി സ്കോളർഷിപ്പ് | 960000 | 0 |
| | 786750 | 135/23 നെൽക്കൃഷി വികസനം | 786750 | 0 |
| | 500000 | 108/23 ലൈഫ് മിഷൻ പദ്ധതി | 500000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 93/23 വിവിധ കുടിവെള്ള പദ്ധതികൾക്ക് കുഴൽകിണർ നിർമ്മാണം | 1008/ 31/3/2023 | 241887 | 0 | പൂർത്തീകരിച്ചിട്ടില്ല. | 241887 |
| KSEB | 117/23 സ്ട്രീറ്റ് ലൈൻ നീട്ടൽ | 766/ 20-02-2023 | 19,99,880 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. | 19,99,880 |
| GWD | 93/23 കുഴൽകിണർ | 172/ 12/12/2023 | 14245 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. | 14245 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | LIFE KURDFC | | 8975146 | 25115105 | 5324132 | NIL | 28766119 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4023825 |
| തൻവർഷം നിക്ഷേപിച്ച തുക | 123275 |
| ആകെ | 4147100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4147100 |

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| FD | 2118615 | 67300672088 എസ്.ബി.ഐ അങ്ങാടിപ്പുറം |
| FD | 2027485 | 67300071482 എസ്.ബി.ഐ അങ്ങാടിപ്പുറം |
| SHARE | 1000 | സഹകരണ ബാങ്ക് |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2016-17 | 3-20 | 60000 | മനോജ് ടി | 1220200066 12/04/2022 |
| 2021-22 | 1-15(4) | 6732 | മുഹമ്മദ് പി Pwd കോൺട്രാക്ടർ | 1220203500 28/10/2022 |
| 2021-22 | 1-15(2) | 13066 | മുഹമ്മദ് ഷമീം Pwd കോൺട്രാക്ടർ | 1220203485 27/10/2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39 | 2003-04 | പൊതുപരാമർശങ്ങൾ | അങ്ങാടിപ്പുറം - പരിയാപുരം റോഡ് പ്രവൃത്തി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07 | 3(22)(1), (2),(3),(4), 3(11) | 2009-10 | പൊതുപരാമർശങ്ങൾ | ഡെപ്പോസിറ്റ്പ്രവൃത്തികൾ പൂർത്തിയാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| -- | -- | 2014-15 | -- | പ്രവർത്തനാവലോകനം (മൃഗസംരക്ഷണവും ക്ഷീരവികസനവും) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1-15 | 2020-21 | അനുബന്ധം 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദി യായ ഉദ്യോഗസ്ഥൻ | സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | അങ്ങാടിപ്പുറം ഗ്രാ.പ | 1999-00 | 41,45,46 | ശ്രീ.മോഹനൻ നമ്പൂതിരി, സെക്രട്ടറി | LF 15379/ Sp.Cell-/ SC-5/2004/7.7.2008y | 87569 | | 57569+int | O.P/218/2008 Allowed 18.7.17 |
| 2 | | 1997-98 | 51 | ശ്രീ.എൻ.വി സദാ നന്ദൻ – കൃഷി ഓഫീസർ | LF 6500/ Sp.Cell/ SC-5 /2005/10.11.2004 | 5000 | | 5000 | നടപടി സ്വീകരി ച്ചിട്ടില്ല |
| 3 | | 1997-98 | 43 | ശ്രീ.ബാബു നന്ദകുമാർ ഓവർസീയർ | LF 6500/ Sp.Cell/ SC-5 /2005/21.3.2006 | 8497 | | 8497 | രശീതിനം-118060104637 /30.7.2018 പ്രകാരം അടവാക്കി യിട്ടുണ്ട് |
| 4 | | 1997-98 | 39(1) 40(2) 42 | ശ്രീമതി .ലീലാവതി ഓവർസീയർ | LF 6500/ Sp.Cell/ SC-5 /2005/21.3.2006 | 22389 | | | നടപടി സ്വീകരി ച്ചിട്ടില്ല |
| 5 | | 1997-98 | 37 | ശ്രീ.ഗോപാലകൃഷ്ണൻ സെക്രട്ടറി | LF 6500/ Sp.Cell/ SC-5 /2005/10.11.2004 | 3778 | | 3778 | നടപടി സ്വീകരി ച്ചിട്ടില്ല |
| 6 | | 1996-97 | 40(1)(2)(3) | ശ്രീമതി.പി.ലത | LF 22507/ Sp.Cell/ SC-1/ 1999/18.10.2001 | 11036 | | 11036 | നടപടി സ്വീകരി ച്ചിട്ടില്ല |
| 7 | | 1996-97 | 41 | ശ്രീ.വി.ഗോപാലകൃഷ്ണൻ | LF 22507/ Sp.Cell/ SC-1/ 1999/18.10.2001 | 997 | | 997 | നടപടി സ്വീകരിച്ചിട്ടില്ല |
| 8 | | 1996-97 | 42 | ശ്രീ.കുഞ്ഞിമുഹമ്മദ് | LF 22507/ Sp.Cell/ SC-1/ 1999/18.10.2001 | 5320 | 4020 | 1300 | രശീതി നം -44772/72/8.1.2004 പ്രകാരം 4020 അടവാക്കി |
| 9 | | 1996-97 | 35(3) മുതൽ (9) വരെ | ശ്രീ.സി.വി ഗോപാലകൃഷ്ണൻ | LF 22507/ Sp.Cell/ SC-1/ 1999/16.8.2001 | 3871 | | 3871 | നടപടി സ്വീകരിച്ചി ട്ടില്ല |
| 10 | | 1996-97 | 36(1) 37 38 | ശ്ര.കുഞ്ഞിമുഹമ്മദ് | LF 22507/ Sp.Cell/ SC-1/ 1999/18.10.2001 | 100 | | 100 | നടപടി സ്വീകരിച്ചിട്ടില്ല |
| 11 | | 1997-98 | 33(1) | ശ്രീ.വി.ഗോപാലകൃഷ്ണൻ | LF 6500/ Sp.Cell/ SC-5/ 03/24.7.2014 | 990 | | 990 | നടപടി സ്വീകരിച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 321511454 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 299391903 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 65,252 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7120734 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 3-1 | 65,252 | ശ്രീ രജീസ് പി സി, കൃഷി ഓഫീസർ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 11,00,000 | ശ്രീമതി ഫരീദ, ഹെഡ്മിസ്ട്രസ് |
| 1-16 | 16,79,024 | ശ്രീമതി ഫരീദ, ഹെഡ്മിസ്ട്രസ് |
| 1-17 | 11,62,200 | ശ്രീമതി അമ്പിളി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-19 | 2,49,450 | ശ്രീമതി ഫരീദ, ഹെഡ്മിസ്ട്രസ് |
| 1-28 | 2056828 | സെക്രട്ടറി |
| 1-29 | 873232 | സെക്രട്ടറി |
| ആകെ | 7120734 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-1 | 65,252 | ശ്രീ രജീസ് പി സി, കൃഷി ഓഫീസർ | പൊട്ടച്ചോല ഹൗസ്, കാവുപടി വളവന്നൂർ പി.ഒ,676551 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.എം.പി.എം.27/2119/22 തി.3.10.22 | 6 |
| 1997-98 | കെ.എസ്.എ.എം.പി.എം.27/2119/22 (1) തി.3.10.22 | 8 |
| 1998-99 | കെ.എസ്.എ.എം.പി.എം.27/2119/22 (2) തി.3.10.22 | 2 |
| 1999-00 | കെ.എസ്.എ.എം.പി.എം.27/2119/22 (3) തി.3.10.22 | 12 |
| 2000-01 | കെ.എസ്.എ.എം.പി.എം.27/2119/22 (4) തി.3.10.22 | 9 |
| 2001-02 | എൽ.എഫ്.എം.12/1256/09തി.18.9.10 | 4 |
| 2002-03 | എൽ.എഫ്.എം.12/1257/09തി.18.9.10 | 4 |
| 2003-04 | എൽ.എഫ്.എം.12/1258/09തി.18.9.10 | 9 |
| 2004-05 | കെ.എസ്.എ.എം.പി.എം.27/25/2009 തി. 20.04.2023 | 11 |
| 2005-06 | കെ.എസ്.എ.എം.പി.എം.27/1150/2009 തി. 20.04.2023 | 19 |
| 2006-07 | കെ.എസ്.എ.എം.പി.എം.27/1151/2009 തി. 20.04.2023 | 23 |
| 2007-08 | കെ.എസ്.എ.എം.പി.എം.27/1152/2009 തി. 20.04.2023 | 27 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.എം.പി.എം.27/921/2012 തി. 20.04.2023 | 24 |
| 2009-10 | കെ.എസ്.എ.എം.പി.എം.27/922/2012 തി. 20.04.2023 | 28 |
| 2010-11 | കെ.എസ്.എ.എം.പി.എം.27/1137/2012 തി. 20.04.2023 | 15 |
| 11-12,12-13 | കെ.എസ്.എ.എം.പി.എം.27/2119/22 (5) തി.3.10.22 | 17 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.27/2119/22 (6) തി.31.10.22 | 29 |
| 2015-16 | കെ.എസ്.എ.എം.പി.എം27/2765/16 , തി.10.04.2023 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം27/2199/2017 തി.11.4.2023 | 14 |
| 2017-18 | കെ.എസ്.എ.എം.പി.എം27/1949/2018 തി.03.04.2023 | 11 |
| 2018-19 | കെ.എസ്.എ.എം.പി.എം27/375/2020 തി.11.04.2023 | 29 |
| 2019-20 | കെ.എസ്.എ.എം.പി.എം27/1223/2021, തി. 09.5.22 | 7 |
| 2020-21 | കെ.എസ്.എ.എം.പി.എം27/1224/2021, തി.09.05.2022 | 20 |
| 2021-22 | കെ.എസ്.എ.എം.പി.എം27/2582/2022, തി.01.07.2023 | 30 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 21-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Angadippuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Angadippuram Grama Panchayat for the year 2022-2023

**Date: 02/11/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Angadippuram Grama Panchayat for the Year 2022-2023.

### 1.Major Observations

### 2.Other Observations

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.

a)Ratios
b)comparative amounts of previous year.

2. MGNREGS- The amount paid directly to the beneficiaries is not included in the AFS.

3. Monthly reconciliation statements are not attested by secretary.
4. The following registers are not up to date and is not reliable for audit.

1. Advance register

2. Deposit Register
3. License register

4. Permit / Regularisation register

5. Cashflow Statement Net increase / decrease in cashflow (192,931,834/-) does not match with the difference between the opening balance and closing balance of cash and cash equivalents (22,119,551/-).

6. Asset register not updated

7. The Expenditure in ACR ( Development Fund general, Development fund SCP, CFC(untied), Maintanence grant (road,non road ) not matched with AFS

8. The following Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant amount.

| Fund | B4 | B17 |
|---|---|---|
| CFC Tied | 13868702 | 15876524 |

9. The account balance(LGTSB-Own Fund) is recorded as negative figure.
10.Investment certificate is not submitted for audit.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്